**കേരള സർക്കാർ**

സംഗ്രഹം

ചാഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ചേർപ്പ് സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **7102/2017/ധന.** തിരുവനന്തപുരം, തീയതി **16.09.2017**

---

പരാമർശം - പഞ്ചായത്ത് ഡയറക്ടറുടെ 15.09.2017 ലെ എഫ്3-31873/14 നമ്പരായുള്ള കത്ത്.

## ഉത്തരവ്

ചാഴൂർ ഗ്രാമ പഞ്ചായത്ത് നിലവിൽ തൃശ്ശൂർ അഡിഷണൽ സബ് ട്രഷറി, ചേർപ്പ് സബ്ട്രഷറി എന്നീ 2 ട്രഷറികൾ മുഖേനയാണ് പണമിടപാടുകൾ നിർവഹിച്ചു വരുന്നതെന്നും എന്നാൽ ഓൺലൈനായി ബില്ലുകൾ സമർപ്പിക്കുന്നതിന് ഒരു ഡി.ഡി.ഒ കോഡ് മാത്രമെ അനുവദിനീയമായിട്ടുള്ളു എന്നതിനാൽ നിലവിലുള്ള 2 ട്രഷറികളിൽ തൃശ്ശൂർ അഡിഷണൽ സബ് ട്രഷറിയിലുള്ള അക്കൗണ്ടും അവിടെ നിലവിലുള്ള റ്റി.എസ്.ബി. അക്കൗണ്ടും ക്ലോസ് ചെയ്യുന്നതിനും അതിലുള്ള തുക ചേർപ്പ് സബ് ട്രഷറിയിൽ ചാഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പുതിയതായി ഒരു റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റുന്നതിനുമുള്ള അനുമതി നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി ചേർപ്പ് സബ് ട്രഷറിയിൽ ചാഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പുതിയതായി ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകുന്നു. കൂടാതെ തൃശ്ശൂർ അഡിഷണൽ സബ് ട്രഷറിയിലുള്ള അക്കൗണ്ടും അവിടെ നിലവിലുള്ള റ്റി.എസ്.ബി. അക്കൗണ്ടും ക്ലോസ് ചെയ്യുന്നതിനും റ്റി.എസ്.ബി. അക്കൗണ്ടിലുള്ള തുക ചേർപ്പ് സബ് ട്രഷറിയിൽ പുതിയതായി ആരംഭിക്കുന്ന റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള,
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ , പഞ്ചായത്ത് ഡയറക്ടറാഫീസ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, ചേർപ്പ്, തൃശ്ശൂർ ജില്ല
ധനകാര്യ (SFC.A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ